(സി) പി.എസ്.സി. അപേക്ഷ ക്ഷണിച്ചാൽ ടെസ്റ്റും ഇന്റർവ്യൂവും നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ഡി) റാങ്ക് ലിസ്റ്റുകളിൽ നിന്നും ആരേയും നിയമിക്കാതെ റദ്ദാക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ)&(ബി) പബ്ലിക് സർവീസ് കമ്മിഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കാനും ഒന്നാം ഘട്ടമായി സംസ്ഥാന ഓഫീസിന്റെ റിക്രൂട്ട്മെന്റ് വിഭാഗം കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുമുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. കൊല്ലം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ മേഖലാ ഓഫീസുകൾ അനുവദിക്കുകയും പരീക്ഷാ സംബന്ധമായ ജോലികൾ ത്വരിതപ്പെടുത്തുന്നതിനായി ഒബ്ജക്ടീവ് മാതൃകയിൽ നടത്തുന്ന പരീക്ഷകളുടെ ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയം ചെയ്യുന്നതിനായി ഓപ്റ്റിക്കൽ മാർക്ക് റീഡർ (ഒ.എം.ആർ) എന്ന കമ്പ്യൂട്ടർ സംവിധാനം സ്ഥാപിക്കുകയും ചെയ്തു. പബ്ലിക് സർവീസ് കമ്മീഷൻ ജീവനക്കാർക്ക് സെക്രട്ടേറിയറ്റ് ജീവനക്കാരുമായി പാരിറ്റി തത്വത്തിൽ അംഗീകരിക്കുകയും രണ്ട് ഘട്ടമായി 74 തസ്തികകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിക്കിടക്കുന്ന ഫയലുകളിൽ അടിയന്തിരമായി തീർപ്പുകൽപ്പിക്കേണ്ടതുള്ളതിനാൽ അതിന് ആവശ്യമായ പുതിയ തസ്തികകൾ സൃഷ്ടിക്കാനുള്ള ഒരു നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(സി) കേരള പബ്ലിക് സർവീസ് കമ്മീഷൻ ഓഫീസ് കമ്പ്യൂട്ടർവൽക്കരിക്കുമ്പോൾ ഇപ്പോഴുള്ള കാലതാമസം പരമാവധി കുറയ്ക്കുവാൻ കഴിയും. അത് കൂടാതെ അപേക്ഷാ ഫാറങ്ങളുടെ പ്രമാണീകരണം നടത്തി തരംതിരിവ് എളുപ്പമാക്കാനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചശേഷം നിയമനം ശുപാർശ ചെയ്യാതെ റാങ്ക് ലിസ്റ്റുകൾ റദ്ദാക്കുന്ന സംഭവങ്ങൾ അപൂർവമായി ഉണ്ടാകാറുണ്ട്. ഇത് പരിഹരിക്കുന്നതിന് നിലവിലുള്ള എല്ലാ ഒഴിവുകളും യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്നുള്ള കർശന നിർദ്ദേശം എല്ലാ നിയമനാധികാരികൾക്കും നൽകിയിട്ടുണ്ട്. ഇതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുവാൻ ഭരണവകുപ്പ് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**കേരള പബ്ലിക് സർവീസ് കമ്മീഷനിലെ കമ്പ്യൂട്ടർവൽക്കരണം**

35(1503)ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.യുടെ പ്രവർത്തനം കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം മേഖലകളിലാണ് ഇത് നടപ്പിലാക്കുന്നത്;

(സി) ഈ വിഷയത്തിൽ ജീവനക്കാർ ഉന്നയിച്ചിട്ടുള്ള വിവിധ ആവശ്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എങ്കിൽ അതിന്മേൽ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കമ്പ്യൂട്ടർവൽക്കരണത്തിന്റെ ആദ്യഘട്ടമായി സംസ്ഥാന ഓഫീസിലെ റിക്രൂട്ട്മെന്റ് വിഭാഗം കമ്പ്യൂട്ടർവൽക്കരിക്കുന്നത് സംബന്ധിച്ച് കെൽട്രോൺ സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്. അതിനായി 2000-2001 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രൊപ്പോസലിൽ തുക ഉൾക്കൊള്ളിക്കാനുള്ള കമ്മീഷന്റെ നിർദ്ദേശവും പരിശോധിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) പ്രസ്തുത ആവശ്യങ്ങളിന്മേൽ യുക്തമായ തീരുമാനം എടുക്കുന്നതാണ്.

**നിയമനത്തിൽ സംവരണ/സംവരണേതര സമുദായങ്ങൾക്ക് ലഭിച്ച പ്രാതിനിധ്യം**

**36(1505)**ശ്രീ. അടൂർ പ്രകാശ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജോസഫ് കമ്മീഷൻ മുമ്പാകെ പബ്ലിക് സർവീസ് കമ്മീഷൻ നടത്തിയ നിയമനങ്ങളിൽ സംവരണ/സംവരണേതര സമുദായങ്ങൾക്ക് ലഭിച്ച പ്രാതിനിധ്യത്തെ വ്യക്തമാക്കുന്ന സ്റ്റേറ്റ്മെന്റ് പബ്ലിക് സർവീസ് കമ്മീഷൻ തെളിവിനായി നൽകിയിരുന്നോ; എങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ലിസ്റ്റിലെ സംവരണ വിഭാഗത്തിന്റെ പ്രാതിനിധ്യം കാണിച്ചിരിക്കുന്നത് പി.എസ്.സി. മുഖേന സംവരണ റൊട്ടേഷൻ പ്രകാരം നിയമനം ലഭിച്ചവരെ മാത്രം ഉൾപ്പെടുത്തിയാണോ എന്ന് വ്യക്തമാക്കുമോ;

(സി) ഓപ്പൺ കാറ്റഗറിയിൽ നിയമനം ലഭിച്ച പിന്നോക്ക വിഭാഗങ്ങളിൽപ്പെടുന്നവരെ സംവരണ നിയമനം ലഭിച്ചവരുടെ ലിസ്റ്റിൽപ്പെടുത്തിയാണ് ലിസ്റ്റ് നൽകിയതെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) വിവരം ശേഖരിച്ചു വരുന്നു.

**പി.എസ്.സി. പരീക്ഷയുടെ മൂല്യനിർണ്ണയം**

**37(1506)** ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. പരീക്ഷാ മൂല്യനിർണ്ണയത്തിന് കമ്പ്യൂട്ടർ ഒ.എം.ആർ. സംവിധാനം ഏർപ്പെടുത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ പരീക്ഷാ സംവിധാനത്തിന്റെ വിശ്വാസ്യത നിലനിർത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly